**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആധുനിക സൗകര്യങ്ങളുള്ള ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളുള്ള ഇടത്താവളങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ധന സഹായത്തോടെ, തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഏറ്റവും പുതിയ സൗകര്യങ്ങളോടെ ഇടത്താവളങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡും എൻ.ബി.സി.സിയും സർക്കാരും കൂടിയുള്ള ട്രൈപാർട്ടി എഗ്രിമെന്റ് നടപടികൾ ഉടനെ പൂർത്തിയാക്കി താമസം വിനാ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. |
| (ബി) | ഇതിനായി ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശുകപുരം , ചിറങ്ങര എന്നീ രണ്ട് സ്ഥലങ്ങളിലൊഴികെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എൻ.ബി.സി.സി.യ്ക്കാണ് ഇടത്താവളം പദ്ധതികളുടെ നിർമ്മാണ ചുമതല. |
| (സി) | ആദ്യഘട്ടത്തിൽ എത്ര ഇടത്താവളങ്ങളുടെ നിർമ്മാണമാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര , ശുകപുരം , മണിയൻകോട് എന്നീ 7 സ്ഥലങ്ങളിലെ ഇടത്താവളങ്ങളാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് . |
| (ഡി) | ആധുനിക ഇടത്താവള സമുച്ചയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ശബരിമലയിലേയ്ക്ക് പോകുന്ന തീർത്ഥാടകർക്ക് ഭക്ഷണം , കുടിവെള്ളം , വാഹന പാർക്കിംഗ്, താമസത്തിനും വിശ്രമത്തിനും പ്രാഥമിക സൗകര്യങ്ങൾക്കും വിരി വയ്ക്കാനും അടക്കമുള്ള വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ